പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2038 **26-10-2026-ൽ മറുപടിയ്ക്ക്**

മരുന്ന്/അനുബന്ധ സാമഗ്രികളുടെ സംഭരണം, ഇൻഷുറൻസ് പദ്ധതികൾ എന്നിവക്ക് വേണ്ടിയുള്ള ഫണ്ട് വിനിയോഗം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉമ തോമസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ കെ.എം.എസ്.സി.എൽ. വാർഷിക ഇൻഡന്റിലൂടെ എത്ര തുക വീതമാണ് വകയിരുത്തിയിരുന്നത് എന്ന് മെഡിക്കൽ കോളേജ് തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ കെ.എം.എസ്.സി.എൽ. വാർഷിക ഇൻഡന്റിലൂടെ വകയിരുത്തിയ തുക സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ വാർഷിക ഇൻഡന്റിന് പുറമെ വിവിധ രോഗീക്ഷേമ/ ഇൻഷുറൻസ് പദ്ധതികൾക്കായി (കാസ്പ്, മെഡിസെപ്, ആരോഗ്യകിരണം മുതലായവ) ഓരോ മെഡിക്കൽ കോളേജും കെ.എം.എസ്.സി.എൽ. കാരുണ്യ ഫാർമസി, എച്ച്.ഡി.എസ്. ഫാർമസി, എച്ച്.എൽ.എൽ. ലൈഫ് കെയർ എന്നിവയിൽ നിന്നും മരുന്നുകൾ, സർജിക്കൽസ്, കൺസ്യൂമബിൾസ്, കാത്ത് ലാബ് അനുബന്ധ സാമഗ്രികൾ (സ്റ്റെന്റ്, ബലൂൺ ഉൾപ്പെടെ) എത്ര തുകയ്ക്ക് വാങ്ങിയിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ച് വരുന്നു.

(സി) ഈ കാലയളവിൽ വിവിധ രോഗീക്ഷേമ/ഇൻഷുറൻസ് പദ്ധതികൾക്കായി ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയും വാർഷിക ഇൻഡന്റ് വഴിയല്ലാതെയുള്ള വാങ്ങലുകൾക്കായി ആകെ ചെലവഴിച്ച തുക എത്രയെന്ന് സാമ്പത്തിക വർഷവും ആശുപത്രിയും തിരിച്ച് ലഭ്യമാക്കാമോ;

മറുപടി: വിവിധ രോഗീക്ഷേമ/ഇൻഷുറൻസ് പദ്ധതികൾക്കായി ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയും വാർഷിക ഇൻഡന്റ് വഴിയല്ലാതെയുള്ള വാങ്ങലുകൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

(ഡി) വിവിധ രോഗീക്ഷേമ/ഇൻഷുറൻസ് പദ്ധതികൾക്കായി ഇത്തരത്തിൽ പുറത്തുനിന്നും വാങ്ങുന്ന ഇനങ്ങളുടെ വിവരങ്ങൾ കെ.എം.എസ്.സി.എൽ.-ന്റെ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം

സോഫ്റ്റ്വെയറിലോ അല്ലെങ്കിൽ മറ്റ് അംഗീകൃത സോഫ്റ്റ്വെയറുകളിലോ കൃത്യമായി സ്റ്റോക്ക് എൻട്രി നടത്താറുണ്ടോ? എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ച് വരുന്നു.

(ഇ) കെ.എം.എസ്.സി.എൽ. വാർഷിക ഇൻഡന്റ്ൽ വകയിരുത്തിയ തുകയേക്കാൾ ഉയർന്ന തുകയ്ക്ക് മെഡിക്കൽ കോളേജ് ആശുപത്രികൾ സ്വന്തം നിലയിൽ പുറത്തുനിന്ന് മരുന്നുകളും സർജിക്കൽ അനുബന്ധ സാമഗ്രികളും വാങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും ധനവിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

മറുപടി: കെ.എം.എസ്.സി.എൽ വാർഷിക ഇൻഡന്റിൽ വകയിരുത്തിയ തുകയേക്കാൾ ഉയർന്ന തുകയ്ക്ക മെഡിക്കൽ കോളേജ് ആശുപത്രികൾ സ്വന്തം നിലയിൽ പുറത്തു നിന്നും മരുന്നുകളും സർജിക്കൽ സാമഗ്രികളും വാങ്ങുന്നില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ കെ എം സി എൽ മരുന്ന് സ്റ്റോക്ക് ലഭ്യമല്ലാതെ വരുന്ന അവസരങ്ങളിൽ, കെ എം സി എൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (NAC) വാങ്ങിയാണ് മെഡിക്കൽ കോളേജ് ആശുപത്രികൾ സ്വന്തം നിലയിൽ പുറത്തുനിന്ന് മരുന്നുകളും സർജിക്കൽ അനുബന്ധ സാമഗ്രികളും ലോക്കൽ പർച്ചേസിലൂടെ വാങ്ങുന്നത്. സ്റ്റോർ പർച്ചേസ് റൂളും മറ്റു സർക്കാർ ഉത്തരവുകളും നിയമങ്ങളും പാലിച്ചു കൊണ്ടാണ് ലോക്കൽ പർച്ചേസ് നടത്തുന്നതെന്നതിനാൽ ധനവിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് കെ.എം.എസ്.സി.എൽ. വാർഷിക ഇൻഡന്റിലൂടെ വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങൾ.

ക്രമ നമ്പർ	മെഡിക്കൽ കോളേജ്	2024-25	2025-26
1	തിരുവനന്തപുരം മെഡിക്കൽ കോളേജ്	69,39,99,141	70,46,61,092
2	ആലപ്പുഴ മെഡിക്കൽ കോളേജ്	338124000	365324000
3	കൊല്ലം മെഡിക്കൽ കോളേജ്	8,04,40,000	13,04,40,000
4	തൃശ്ശൂർ മെഡിക്കൽ കോളേജ്	327018726	377999900
5	എറണാകുളം മെഡിക്കൽ കോളേജ്	86241200	117841200
6	കോന്നി മെഡിക്കൽ കോളേജ്	12000000	20000000
7	ഇടുക്കി മെഡിക്കൽ കോളേജ്	18720000	35000000
8	കോട്ടയം മെഡിക്കൽ കോളേജ്	403534600	450000000
9	വയനാട് മെഡിക്കൽ കോളേജ്	60000000	60000000
10	കാസർഗോഡ് മെഡിക്കൽ കോളേജ്	3103519	-
11	കോഴിക്കോട് മെഡിക്കൽ കോളേജ്	515289044	602917795
12	മഞ്ചേരി മെഡിക്കൽ കോളേജ്	98906500	101751000
13	കണ്ണൂർ മെഡിക്കൽ കോളേജ്	19,75,00,000	19,75,00,000

അനുബന്ധം **2**

2024-25, 2025-26 കാലയളവിൽ വിവിധ രോഗീക്ഷേമ/ഇൻഷുറൻസ് പദ്ധതികൾക്കായി ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയും വാർഷിക ഇൻഡന്റ് വഴിയല്ലാതെയുള്ള വാങ്ങലുകൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ.

ക്രമ നമ്പർ	**മെഡിക്കൽ കോളേജ്**	**2024-25**	**2025-26**
1	തിരുവനന്തപുരം മെഡിക്കൽ കോളേജ്	4,11,82,702	3,68,82,004
2	ആലപ്പുഴ മെഡിക്കൽ കോളേജ്	26,56,20,593	26,05,90,135
3	കൊല്ലം മെഡിക്കൽ കോളേജ്	12,61,40,760	8,85,45,998
4	തൃശ്ശൂർ മെഡിക്കൽ കോളേജ്	20,93,22,844	19,45,24,629
5	എറണാകുളം മെഡിക്കൽ കോളേജ്	13,71,98,129.6	14,59,54,419
6	കോന്നി മെഡിക്കൽ കോളേജ്	Nil	42,33,237
7	ഇടുക്കി മെഡിക്കൽ കോളേജ്	86,09,105	96,52,545
8	കോട്ടയം മെഡിക്കൽ കോളേജ്	18,15,25,129	19,63,84,101
9	വയനാട് മെഡിക്കൽ കോളേജ്	2,67,84,627	3,22,84,839
10	കാസറഗോഡ് മെഡിക്കൽ കോളേജ്	Nil	Nil
11	കോഴിക്കോട് മെഡിക്കൽ കോളേജ്	57,04,64,638	59,10,55,156
12	മഞ്ചേരി മെഡിക്കൽ കോളേജ്	2,58,84,368	1,23,87,144
13	കണ്ണൂർ മെഡിക്കൽ കോളേജ്	39,66,03,819	44,57,15,815